**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05-02-2019-ൽ മറുപടിക്ക്**
**നിയമസഭാ ചോദ്യം നം. 1489**

## കുറഞ്ഞ ചെലവിൽ കൊയ്ത്ത് യന്ത്രങ്ങൾ

| **ചോദ്യം**<br>**ശ്രീ. തോമസ് ചാണ്ടി** | | **മറുപടി**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| | കുട്ടനാട്ടിൽ പുഞ്ചകൃഷി വിളവെടുപ്പ് ആരംഭിക്കാനിരിക്കെ ആവശ്യമായ കൊയ്ത്ത് യന്ത്രങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട് പ്രദേശത്ത് കൃഷി വകുപ്പിന്റെ കീഴിൽ 20 കൊയ്ത്ത് മെതിയന്ത്രങ്ങളും കെയ്കോയുടെ കൈവശം 22 കൊയ്ത്ത് മെതിയന്ത്രങ്ങളും പ്രവർത്തനക്ഷമമായി ഉണ്ട്.<br>കാർഷിക വികസന് കർഷക ക്ഷേമ വകുപ്പ്, ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കാർഷിക എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ചേർന്ന സമിതിയാണ് കൊയ്ത്ത് യന്ത്രങ്ങൾ കർഷകർക്കായി ലഭ്യമാക്കുന്നത്. നെല്ല് ഗവേഷണ കേന്ദ്രം മാങ്കൊമ്പിന്റെ കീഴിലുള്ള കാർഷിക എഞ്ചിനീയറിംഗ് യൂണിറ്റിലെ കൊയ്ത്ത് യന്ത്രം കർഷകർക്ക് കൊയ്ത്തിനു വേണ്ടി വാടകയ്ക്ക് നൽകി വരുന്നുണ്ട്.<br>കൊയ്ത്തിനാവശ്യമായ ബാക്കി യന്ത്രങ്ങൾ പ്രൈവറ്റ് ഏജൻസികൾ വഴി ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 18-01-2019 ന് ആലപ്പുഴ ജില്ലയിൽ നടന്ന പുഞ്ചക്കൊയ്ത്ത് മുന്നൊരുക്ക മീറ്റിംഗിൽ ഈ വർഷത്തെ യന്ത്ര വാടക നിരക്ക് യഥാക്രമം കായൽ നിലങ്ങളിൽ 1950 രൂപയായും കരപ്രദേശങ്ങളിൽ 1850/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പാടശേഖര സമിതികൾ മുഖേന കൊയ്ത്ത് യന്ത്രങ്ങൾ നേരത്തെ തന്നെ ബുക്ക് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ